# Visit of External Affairs Minister to Maldives and Mauritius (February 20-24, 2021)

February 18, 2021

---

# വിദേശകാര്യമന്ത്രിയുടെ മാൽദ്വീപ്സ്, മൗറീഷ്യസ് സന്ദർശനം (ഫെബ്രുവരി 20-24, 2021)

ഫെബ്രുവരി 18, 2021

വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കർ 2021 ഫെബ്രുവരി 20 -21 തിയ്യതികളിൽ മാൽദ്വീപ്സിലേക്കും 2021 ഫെബ്രുവരി 22-23 മൗറീഷ്യസിലേക്കും സന്ദർശനം നടത്തുന്നതാണ്.

മാലിദ്വീപിലേക്കുള്ള സന്ദർശന വേളയിൽ, വിദേശകാര്യമന്ത്രി പ്രസിഡന്റ് ഇബ്രാഹിം മുഹമ്മദ് സോളിഹുമായി കൂടിക്കാഴ്ച നടത്തുകയും, വിദേശകാര്യം, പ്രതിരോധം, ധനകാര്യം, സാമ്പത്തിക വികസനം, ആസൂത്രണവും & അടിസ്ഥാന സൗകര്യങ്ങളും എന്നീ വകുപ്പുതലവന്മാരുമായി ചർച്ചകൾ നടത്തുന്നതാണ്. സ്പീക്കർ മുഹമ്മദ് നഷീദ്, മറ്റ് രാഷ്ട്രീയ നേതാക്കൾ എന്നിവരെയും വിദേശകാര്യമന്ത്രി സന്ദർശിക്കുന്നതാണ്.

സന്ദർശന വേളയിൽ, വിദേശകാര്യമന്ത്രി നമ്മുടെ ഉഭയകക്ഷി ബന്ധത്തിന്റെ എല്ലാ വശങ്ങളും നിലവിലുള്ള ഉഭയകക്ഷി പദ്ധതികളുടെ പുരോഗതിയും അവലോകനം ചെയ്യുകയും നിലവിലുള്ള COVID സാഹചര്യങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്യും, ഇതിൽ കോവിഡിന് ശേഷമുള്ള സാമ്പത്തിക വീണ്ടെടുക്കലിനായി മാലിദ്വീപുകൾക്ക് ഇന്ത്യ നൽകുന്ന തുടർ സഹായങ്ങളും ചർച്ച ചെയ്തു.

മൗറീഷ്യസ് സന്ദർശന വേളയിൽ, വിദേശകാര്യമന്ത്രി പ്രസിഡന്റ് പൃഥ്വിരാജ് സിംഗ് രൂപുൻ, പ്രധാനമന്ത്രി ശ്രീ പ്രവീന്ദ് ജഗ്നാത്ത് എന്നിവരെ സന്ദർശിച്ചു. അദ്ദേഹം വിദേശകാര്യമാത്രിയെയും, പ്രാദേശിക സംയോജനം, അന്താരാഷ്ട്ര വാണിജ്യം, കര ഗതാഗതം, ലൈറ്റ് റെയിൽ എന്നി വകുപ്പുകളുടെ മന്ത്രിയായ ശ്രീ. അലൻ ഗണൂ എന്നിവരെയും സന്ദർശിച്ചു.

സന്ദർശനത്തിൽ, ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിന്റെ എല്ലാ വശങ്ങളും അവലോകനം ചെയ്യുകയും, മൗറീഷ്യസിൽ ഇന്ത്യ നടത്തിക്കൊണ്ടിരിക്കുന്ന വിവിധ അടിസ്ഥാന സൗകര്യ പദ്ധതികൾ, കൂടാതെ മൗറീഷ്യസിനുള്ള ഇന്ത്യയുടെ സഹായം എന്നിവ ഉൾപ്പെടെയുള്ള പരസ്പര

താൽപ്പര്യമുള്ള ഉഭയകക്ഷി, പ്രാദേശിക, ആഗോള പ്രശ്നങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്യും.

ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ഇന്ത്യയുടെ പ്രധാന നാവിക അയൽബന്ധങ്ങളായ മാലിദ്വീപും മൗറീഷ്യസും പ്രധാനമന്ത്രിയുടെ 'സാഗർ' (സെക്യൂരിറ്റി ആൻഡ് ഗ്രോത്ത് ഫോർ ഓൾ ഇൻ ദി റീജിയൻ) എന്ന കാഴ്ചപ്പാടിൽ ഒരു പ്രത്യേക സ്ഥാനം വഹിക്കുന്നവയാണ്. മാൽദ്വീപ്, മൗറീഷ്യസ് എന്നിവയുമായുള്ള അടുപ്പത്തിനും സൗഹാർദ്ദപരവുമായ ബന്ധത്തിനും ഇന്ത്യ പ്രാധാന്യം നൽകുന്നുവെന്നും ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യക്തിഗത ബന്ധത്തിനും കാര്യക്ഷമമായ സഹകരണത്തിനും കൂടുതലായി ആവേഗം പ്രതീക്ഷിക്കുന്നു എന്നതിനുമുള്ള തെളിവാണ് വിദേശകാര്യമന്ത്രിയുടെ ഈ സന്ദർശനം.

**ന്യൂ ഡൽഹി**
**18 ഫെബ്രുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.